# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 795 27/04/2017-ൽ മറുപടിയ്ക്ക്

**ദേശീയ-സംസ്ഥാന പാതകൾക്ക് സമീപം മദ്യവില്പന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, എ.പി.അനിൽകുമാർ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, അനിൽ അക്കര | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ദേശീയ -സംസ്ഥാന പാതകൾക്കുസമീപമുള്ള മദ്യവില്പന സുപ്രീം കോടതി നിരോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) ബഹു സുപ്രീംകോടതി 15.12.2016 ലെ സി.എ 12164-12166/2016 നമ്പർ വിധിയിലൂടെ ദേശീയ/സംസ്ഥാന പാതകളുടെ 500 മീറ്റർ പരിധിക്കുള്ളിൽ മദ്യവിൽപ്പന നിരോധിച്ചിട്ടുണ്ട്. എന്നാൽ 20,000-ൽ താഴെ ജനസംഖ്യയുള്ള തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ ദൂരപരിധി 220 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം തരത്തിലുള്ള മദ്യകേന്ദ്രങ്ങളാണ് നിരോധനത്തിന്റെ പരിധിയിൽ വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) മദ്യ വിൽപ്പന നടത്തുന്ന എല്ലാ സ്ഥാപനങ്ങളും സുപ്രീം കോടതി വിധിയുടെ പരിധിക്കുള്ളിൽ വരുന്നതാണ്. |
| (സി) കോടതി നിരോധനപ്രകാരം സംസ്ഥാനത്ത് പൂട്ടിയതും പൂട്ടാനുള്ളതുമായ മദ്യകേന്ദ്രങ്ങളുടെ വിശദാംശം നൽകുമോ; | (സി ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 137 റീട്ടെയിൽ ഔട്ട് ലെറ്റുകളും, 8 ബാർ ഹോട്ടലുകളും, 18 ക്ലബ്ബുകളും, 9 മിലിറ്ററി കാന്റീനുകളും 532 ബിയർ & വൈൻ പാർലറുകളും, ഒരു ബിയർ റീട്ടെയിൽ ഔട്ട് ലെറ്റും 1092 കള്ളുഷാപ്പുകളും അടച്ചുപൂട്ടിയിട്ടുണ്ട്. നിലവിൽ കോടതി ഉത്തരവിന് വിരുദ്ധമായി മദ്യകേന്ദ്രങ്ങളൊന്നും ദേശീയ സംസ്ഥാന പാതയോരത്ത് പ്രവർത്തിക്കുന്നില്ല. |

| | | | |
|---|---|---|---|
| (ഡി) | സുപ്രീം കോടതി വിധിയനുസരിച്ച് മദ്യകേന്ദ്രങ്ങൾ നിർത്തലാക്കുവാൻ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട എന്ന് വിശദമാക്കാമോ? | (ഡി) | ബഹു.സുപ്രീം കോടതി വിധിയനുസരിച്ച് സംസ്ഥാന/ദേശീയ പാതയോരത്ത് നിന്നും 500 മീറ്റർ പരിധിക്കുള്ളിൽ പ്രവർത്തിച്ചു വന്നിരുന്ന എല്ലാ മദ്യ വിൽപ്പനശാലകളുടെയും പ്രവർത്തനം 01/04/2017 മുതൽ നിർത്തലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ